# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഇടച്ചേരി എൽ. പി. സ്കൂൾ

# ആമുഖം

1952 കണ്ണൂർ കോർപ്പറേഷൻ മൂന്നാം ഡിവിഷനിലാണ് ഇടച്ചേരി എൽ.പി. സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. ഒന്നേകാൽ നൂറ്റാണ്ടിലേറെ പിന്നിട്ട ഒരു വിദ്യാലയ മാണിത്. 1876-ൽ സ്ഥാപിതമായ ഒരു വിദ്യാലയമാണിത്. ആദ്യം ഇത് ഇടച്ചേരി എന്ന സ്ഥലത്താണ് സ്ഥിതി ചെയ്തിരുന്നത്. പിന്നീടാണ് പള്ളിക്കുളത്തിലേക്ക് മാറ്റിയത്. ആദ്യം ഇടച്ചേരിയിലായതുകൊണ്ടാണ് ഇടച്ചേരി എൽ.പി.സ്ക്കൂൾ എന്ന പേര് ഈ വിദ്യാലയത്തിന് വന്നത്. കുട്ടികളുടെ എണ്ണം കുറവാണെങ്കിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണിത്. 1 മുതൽ 5 വരെ ക്ലാസ്സുകളി ലായി 29 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. 5 അദ്ധ്യാപകരാണ് ഇവിടെയുള്ളത്. വർഷം തോറും കുട്ടികളുടെ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും പാഠപാഠ്യേതര മേഖലയിൽ മികവ് പുലർത്തുന്നുണ്ട്. പി.ടി.എ, എം.പി.ടി.എ, നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ആഴ്ചയിലും എസ്.ആർ.ജി മീറ്റിംഗ് കൂടാറുണ്ട്. വിദ്യാലയ വികസനമെന്നത് ഒന്നോ രണ്ടോ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നതല്ല. ക്ലാസ്സ് മുറി, ഭൗതിക സാഹചര്യങ്ങൾ, സമൂഹം, സഹായഘടകങ്ങൾ തുടങ്ങി വ്യത്യസ്ത ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ വിദ്യാലയത്തിൽഅക്കാദമി കവും ഭൗതികവുമായ സാഹചര്യങ്ങളെ വിലയിരുത്തികൊണ്ട് പൂർത്തീകരി ക്കേണ്ട വിധത്തിലുള്ള പദ്ധതിയാണ് പ്രതിപാദിക്കുന്നത്.

ഈ സ്ക്കൂളിൽ നിന്ന് കലാകായിക മൽസരങ്ങൾക്കും ശാസ്ത്ര മേള കൾക്കും യൂറീക്കാ വിജ്ഞാനോൽസവത്തിനും മറ്റ് മൽസരപരിപാടികൾക്കും പങ്കെടിപ്പിക്കുവാനും ഗ്രേഡ് നേടുവാനും സാധിച്ചിട്ടുണ്ട്. C.W.S.N കുട്ടികൾക്ക് I.CT. സാധ്യത ഉപയോഗിച്ചും അവരുടെ നിലവാരത്തിനനുസരിച്ചുള്ള പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്തും അവരെ മുന്നോട്ട് നയിക്കുവാനുള്ള ശ്രമം നടന്നുവ രുന്നുണ്ട്. സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും.

## പൊതുലക്ഷ്യങ്ങൾ

1 പാഠ്യപദ്ധതി ലക്ഷ്യമിടുന്ന രീതിയിൽ അക്കാദമികമായി മുഴുവൻ കുട്ടിക ളെയും മികവിലേക്ക് നയിക്കുക.

2. പ്രവർത്തനാധിഷ്ഠിതവും രസകരവും ശിശുസൗഹൃദപരവുമായി ക്ലാസ്സ്മുറി കൾ ഒരുക്കുക.

3. ശരിയായ ആരോഗ്യശീലം, ശുചിത്വബോധം എന്നിവ കുട്ടികളിൽ വളർത്തുക.

4. സ്ക്കൂൾ സൗന്ദര്യവൽക്കരണം, കെട്ടിട സൗന്ദര്യവൽക്കരണം.

5. എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റും.

6. സ്ക്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്. ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും.

7. L.S.S. പരീക്ഷയിൽ വിജയംകൈവരിക്കുവാനുള്ള പ്രവർത്തനം നടത്തും.

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനുംഎഴുത്തുകാരനുമാക്കുക | 1. ചിത്രവായന<br>2. പദസൂര്യൻ<br>3. പദകേളി<br>4. ക്ലാസ്സ് ലൈബ്രറി<br>5. വായനാക്കുറിപ്പ് തയ്യാറാക്കൽ<br>6. ചുമർ പത്രിക തയ്യാറാക്കൽ<br>7. പതിപ്പ് തയ്യാറാക്കൽ<br>8. ബാലസഭ.യിൽ അവതതരണം<br>9. സഞ്ചരിക്കുന്ന വായനാക്കുറിപ്പ്<br>10. വ്യക്തിഗതരചന<br>11. സംഘരചന<br>12. മലയാളത്തിളക്കം പ്രവർത്തനം നടത്തൽ | 1 വർഷം | ക്ലാസ്സ് ടീച്ചർ<br>മലയാളത്തിളക്കം | |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക കഴിവ് വികസിപ്പിക്കുക (കഥ, കവിത, വർണ്ണന, ആസ്വാദനക്കുറിപ്പ്, ആത്മകഥ, ജീവചരിത്രം നോട്ടീസ് | 1. കഥ വായന<br>2. കഥ എഴുത്ത്<br>3. കവിത വായന<br>4. കവിത എഴുത്ത്<br>5. കഥ തലക്കെട്ട് എഴുതൽ<br>6. ചിത്രം-അടിക്കുറിപ്പ് തയ്യാറാക്കൽ<br>7. ഐ.സി.ടി. സാധ്യത ഉപയോഗിച്ച് കവിതകളുടെ ഓഡിയോ, വീഡിയോ പ്രദർശിപ്പിച്ച് ആസ്വാദനക്കുറിപ്പ് എഴുതിപ്പിക്കുന്നു.<br>9. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പരിചയപ്പെടുത്തൽ<br>10. ബാലസഭ, അസംബ്ലി എന്നിവയിൽ ആസ്വാദനക്കുറിപ്പ് അവതരണം. | 1 വർഷം | ക്ലാസ്സ് ടീച്ചർ<br>എസ്.ആർജി. | |

ഇംഗ്ളിഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നത്. | പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ. |
| | പരമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | | H.M, English Teacher, S.R.G. | |
| | ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ രണ്ട് ദിവസം | Class Teacher | |

**സോഷ്യൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപട വായനയിലുള്ള കഴിവ് കൂടുതൽ ഫലപ്രദമാക്കുക | 1. ഐ.സി.ടി. സാധ്യത ഉപയോഗിക്കൽ<br>2. ഗ്ലോബ്, ഭൂപടം, അറ്റലസ് താരതമ്യം<br>3. ഗ്ലോബ് നിർമ്മാണം<br>4. വർക്ക്ഷീറ്റിൽ രേഖപ്പെടുത്തൽ<br>5. മോഡൽ നിർമ്മാണം<br>6. ജിഗ്സോ പസിൽ ഉപയോഗിക്കൽ | 1 വർഷം | Social Club, Class Teacher | |
| ഗ്രഹങ്ങളെക്കുറിച്ചുള്ള പഠനത്തിന് പ്രാധാന്യം നൽ കൽ | 1. ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>2. ക്വിസ്സ് മൽസരം<br>3. പതിപ്പ് നിർമ്മാണം<br>4. വിദഗ്ദരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>5. ഗ്രഹണ നിരീക്ഷണം<br>6. ആകാശ നിരീക്ഷണം<br>7. പ്ലാനിറ്റോറിയം സന്ദർശനം | 1 വർഷം | Social Club, Class Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സോഷ്യൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കൽ | 1. മുതൽ 5 ക്ലാസ്സുവരം പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വേറിട്ട ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ.<br>2. ക്വിസ്സ്<br>3. പ്രസംഗം<br>4. പ്രദർശനം (ശേഖരണം മോഡൽസ്) | 1 വർഷം | Social Club, Class Teacher | |
| ദിനാചരണങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകൽ | 1. എ.സി.ടി.സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>2. ക്വിസ്സ് നടത്തുന്നു.<br>3. പതിപ്പ് നിർമ്മാണം<br>4. കുറിപ്പ് തയ്യാറാക്കൽ<br>5. ദിനങ്ങളെക്കുറിച്ച് അസംബ്ലിയിൽ കുട്ടികളുടെ പ്രസംഗം<br>6. ബാലസഭയിൽ ദിനങ്ങളെക്കുറിച്ച്, പ്രസംഗം കുറിപ്പ് എഴുതി വായിക്കൽ തുടങ്ങിയവ നടത്തുന്നു. | 1 വർഷം | Science Club, S.R.G., Class Teacher | |

**സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണ, നിരീക്ഷണ നിഗമനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. | 1. ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>2. 1 മുതൽ 6 വരെയുള്ള പാഠഭാഗവുമായി ബന്ധപ്പെട്ട് നടത്തേണ്ട പരീക്ഷണങ്ങൾ നടത്തുവാനുള്ള സാഹചര്യം ഒരുക്കുന്നു.<br>3. പരീക്ഷണം കുട്ടികൾ സ്വയം ചെയ്ത് നിരീക്ഷിച്ച് നിഗമനം രൂപപ്പെടുത്തുവാനുള്ള അവസരം ഒരുക്കുന്നു. | 1 വർഷം | Science Club, S.R.G., Class Teacher | |
| പട്ടികകൾ വിശകലനം ചെയ്ത് നിഗമനത്തിലെത്തിച്ചേരുവാനുള്ള ബുദ്ധിമുട്ട് പരിഹരിക്കൽ. | 1. ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>2. നിത്യജീവിതവുമായി ബന്ധപ്പെട്ട ധാരാളം പട്ടികകൾ ക്ലാസ്സിൽ നിന്ന് വിശകലനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. | 1 വർഷം | Science Club | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രശ്ന നിർദ്ധാരണശേഷി വർദ്ധിപ്പിക്കുക | 1. നിത്യജീവിതവുമായി ബന്ധപ്പെട്ട ചെറിയ പ്രായോഗികപ്രശ്നങ്ങൾ കുട്ടികൾക്ക് നൽകുന്നു.<br>2. ഐ.സി.ടി. സാധ്യത ഉപയോഗിക്കുന്നു. | 1 വർഷം | Maths Club, Class Teacher | |
| ഗണിത ക്രിയ്യകൾ ഉറപ്പിക്കൽ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) | 1. മനക്കണക്ക്<br>2. കുസൃതിക്കണക്ക്<br>3. ഗണിതകളികൾ<br>4. ഡൈസ് എറിഞ്ഞ് കളി<br>5. പസ്സിൽ<br>6. സംഖ്യാമാല പൂർത്തിയാക്കൽ<br>7. സംഖ്യാമാല നിർമ്മിക്കൽ<br>8. പാറ്റേൺ നിർമ്മാണം<br>9. ഐ.സി.ടി. സാധ്യത ഉപയോഗിച്ച് കളിപ്പെട്ടി കാര്യക്ഷമമാക്കുക. | 1 വർഷം | Maths Club, Class Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നസംഖ്യകളുടെ പ്രശ്ന നിർദ്ദാരണശേഷി വികസിപ്പിക്കൽ | 1. ഭിന്ന സംഖ്യകളുടെ അടിസ്ഥാനത്തിൽ വസ്തുക്കൾ കണ്ടെത്തൽ<br>2. ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ<br>3. വിദഗ്ദരുടെ ക്ലാസ്സ്<br>4. വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഭിന്നസംഖ്യ ഉറപ്പിക്കൽ | 1 വർഷം | Maths Club, Class Teacher | |
| സമയം ഉറപ്പിക്കുന്നതിനും സമയവുമായി ബന്ധപ്പെട്ട ക്രിയ്യകൾ നിർദ്ദാരണം ചെയ്യുവാനുള്ള ശേഷി വികസിപ്പിക്കുകയും ചെയ്യുക<br><br>മെട്രിക്മേള | 1. ഐ.സി.ടി ഉപയോഗിച്ച് സമയം കണ്ടെത്തൽ ക്ലോക്ക് നിർമ്മാണം<br>2. ക്ലോക്ക് നിരീക്ഷണം<br>3. സമയം ചിത്രീകരിക്കൽ<br>4. വ്യത്യസ്ത സമയ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ<br>5. വിവിധ മൽസരങ്ങൾ നടത്തൽ (നടത്തമൽസരം, പാട്ട്, വായന, ഓട്ടമൽസരം) | 1 വർഷം | Maths Club, Class Teacher | ഇരര |

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | 1. ഹിന്ദി നാടകോൽസവം (വിവിധ ക്ലാസ്സുകളിൽ നിന്ന് വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത്)<br>2. വിദ്യാർത്ഥികൾക്ക് ക്യാമ്പ്<br>3. കഥാ വായന<br>4. കഥാ രചന<br>5. സ്ക്രിപ്റ്റ് റൈറ്റിംഗ്<br>6. എഡിറ്റിംഗ്<br>7. അഭിനയ പരിശീലനം<br>8. ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>9. ക്ലാസ്സ് തല അഭിനയ പരിശീലന അവസരം<br>10. (പി.ടി.എ., സി.പി.ടി.എ. കളിൽ അവതരണം)<br>11. ഡോക്യുമെന്റേഷൻ (ഐ.സി.ടി സാധ്യത<br>12. ഉപയോഗിച്ച്) | 1 വർഷം | Hindi, Teacher | |

ഐ.സി.ടി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എൽ.പി..ക്ലാസ്സുകളിൽ ഐ. സി. ടി. അധിഷ്ഠിതമായ ക്ലാസ്സ്റൂം മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് സ്വന്തമ സ്ക്കൂളിലും അദദ്ധ്യാപക സമൂഹവുമായി പങ്കുവച്ചു കൊണ്ടും മുഴുവൻ പൊതു വിദ്യാലയങ്ങളിലും അക്കാദമിക നിലവാരം ഉയർത്തുക. | 1. ഓരോ വിഷയവുമായി ബന്ധപ്പെട്ട് അതാത് ടീച്ചേഴ്സിന് ക്ലാസ്സ്റൂം പിന്തുണ നൽകി. കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധിപ്പിച്ച് ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്നതു കൂടാതെ മറ്റു സാധ്യതകൾ വികസിപ്പിക്കുന്നു.<br>2. ഐ.സി.ടി. വിഭവ സമാഹരണവും പ്രയോഗവും തുടർന്നു കൊണ്ടോയിരിക്കുന്നു. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ വീഡിയോ വിഷയം അദ്ധ്യായം എന്നിങ്ങനെ തരംതിരിച്ച് സൂക്ഷിക്കുകയും ഓരോ പാഠഭാഗത്തിനും അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു.<br>3. ഐ.സി.റ്റി. പ്രയോജനപ്പെടുത്തിയ ക്ലാസ് സന്ദർഭങ്ങളും പ്രയോഗരീതിയും എല്ലാ ആഴ്ചയിലേയും എസ്.ആർ.ജി.യിൽ അവതരിപ്പി ക്കുന്നു. മോണിട്ടർ ചെയ്യുന്നു. | | | |

## ലൈബ്രറി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തിലും വായനയിലും ഉള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.<br>കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക | 1. ക്ലാസ്സ് റൂം ലൈബ്രറി സ്ഥാപിക്കുന്നത് സംബന്ധിച്ച ആശയം പ്രഥമാധ്യാപകരുടെ കോൺഫറൻസിൽ അവതരിപ്പിച്ചു.<br>2. കുട്ടികളുടെ നിലവാരമനുസപിച്ചുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്തു.<br>3. ക്ലാസ്സിൽ ഓരോ കുട്ടിക്കും സ്വയം പുസ്തകം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചു.<br>4. വായിക്കുന്ന പുസ്തകങ്ങളുടെ ഉള്ളടക്കം കുട്ടി സ്വയം ക്ലാസ്സിൽ എഴുതി അവതരിപ്പിക്കുന്നു. ഇത് കുട്ടികൾക്ക് വായനയിലുള്ള താൽപര്യം. സ്വന്തം ഭഷയിൽ എഴുതുവാനുള്ള കഴിവ്, ഭാഷയിലുള്ള പരിജ്ഞാനം മറ്റുള്ളവരുടെ മുൻപിൽ അഭിപ്രായം പറയുവാനുള്ള കഴിവ്, കൂടുതൽ അറിവ് സമ്പാദിക്കുവാനുള്ള അവസരം, സാഹിത്യാഭിരുചി വർദ്ധിപ്പിക്കുവാനുള്ള അവസരം എന്നിവ കുട്ടകൾക്ക് ഇതിലൂടെ ലഭിച്ചു. | | | |

| | | | | |
|---|---|---|---|---|
| പാഴ്‌വസ്തുക്കളായി ഉപേക്ഷിക്കുന്ന പുസ്തകങ്ങളെയും വായനാസാമഗ്രികളെയും സ്നേഹിക്കുവാനും സംരക്ഷിക്കുവാനും ഉള്ള മനോഭാവം കുട്ടികളിൽ ഉണ്ടാക്കുക. | വീട്ടുലൈബ്രറി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ആസൂത്രണത്തിനായി ജൂൺ ആദ്യവാരം പി.ടി.എ. യോഗം ചേരുകയുണ്ടായി. പി.ടി.എ.യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീട്ടുലൈബ്രറി പദ്ധതികളെ പറ്റിയുള്ള നിർദ്ദേ ശങ്ങൾ ഉൾപ്പെടുത്തി നോട്ടീസ് തയ്യാറാക്കി മുഴുവൻ കുട്ടകൾക്കും വിതരണം ചെയ്തുകൊണ്ട് ജൂൺ ആദ്യവാരംതന്നെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. വായനാവാരത്തിന്റെ ഭാഗമായി ജൂൺ 19ന് വീട്ടുലൈബ്രറിയിലെ പുസ്തക ശേഖരത്തിന്റെ പ്രദർശനം സംഘടിപ്പിക്കപ്പെട്ടു.എല്ലാ തിങ്കൾ, വെള്ളി ദിവസങ്ങളിലും സ്കൂൾ അസംബ്ലിയിൽ ഓരോ കുട്ടികൾ വീതം അവരുടെ വീട്ടുലൈബ്രറിയിലെ ഒരു പുസ്തകം പരിചയപ്പെടുന്ന പ്രവർത്തനവും ഇതിന്റെ ഭാഗമായി നടക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| പാഴ്വസ്തുക്കളായി ഉപേക്ഷിക്കുന്ന പുസ്തകങ്ങളെയും വായനാസാമഗ്രികളെയും സ്നേഹിക്കുവാനും സംരക്ഷിക്കുവാനും ഉള്ള മനോഭാവം കുട്ടികളിൽ ഉണ്ടാക്കുക. | വീട്ടുലൈബ്രറി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ആസൂത്രണത്തിനായി ജൂൺ ആദ്യവാരം പി.ടി.എ. യോഗം ചേരുകയുണ്ടായി. പി.ടി.എ.യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീട്ടുലൈബ്രറി പദ്ധതികളെ പറ്റിയുള്ള നിർദ്ദേ ശങ്ങൾ ഉൾപ്പെടുത്തി നോട്ടീസ് തയ്യാറാക്കി മുഴുവൻ കുട്ടകൾക്കും വിതരണം ചെയ്തുകൊണ്ട് ജൂൺ ആദ്യവാരംതന്നെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. വായനാവാരത്തിന്റെ ഭാഗമായി ജൂൺ 19ന് വീട്ടുലൈബ്രറിയിലെ പുസ്തക ശേഖരത്തിന്റെ പ്രദർശനം സംഘടിപ്പിക്കപ്പെട്ടു.എല്ലാ തിങ്കൾ, വെള്ളി ദിവസങ്ങളിലും സ്കൂൾ അസംബ്ലിയിൽ ഓരോ കുട്ടികൾ വീതം അവരുടെ വീട്ടുലൈബ്രറിയിലെ ഒരു പുസ്തകം പരിചയപ്പെടുന്ന പ്രവർത്തനവും ഇതിന്റെ ഭാഗമായി നടക്കുന്നു. | | | |

## ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠനപരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക.<br>2. അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോൽസാഹിപ്പിക്കുക.<br>3. പഠനം ആകർഷകവും ആസ്വാദകരവുമാക്കുക | 1. ഐ.സി.ടി. സാധ്യത ഉപയോഗിച്ച് രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തി.<br>2. സ്ക്കൂളിൽ ആകെയുള്ള ഭിന്നശേഷി വിദ്യാർത്ഥികളെ വിഷ്വൽ ലേണേർസ്, ഓഡിറ്ററി ലേണേർസ് ക്രിയേറ്റീവ ലേണേർസ് എന്നിങ്ങനെതരംതിരിച്ചു അനുയോജ്യമായി പിൻതുണ നൽകി.<br>3. കുട്ടികൾക്കും രക്ഷിതാക്കൾക്കും സോപ്പ് നിർമ്മാണശാല നടത്തുന്നു.<br>4. നാട്ടറിവ് ദിനത്തിൽ അമ്മയേയും കുഞ്ഞിനേയും ഒരുമിച്ച് പങ്കാളികളാക്കി കലാകായിക മേഖലയിൽ പങ്കാളിത്തം ഉറപ്പാക്കി. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| 4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്കാദമിക രംഗത്ത് പുരോഗതി ഉറപ്പാക്കുക | 1. പ്രത്യേക ടീച്ചിംഗ് മാന്വലും ആസൂത്രണവും.<br>2. പരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടി അക്കാദമിക കലണ്ടർ തയ്യാറാക്കുക.<br>3. കലാകായിക പ്രവർത്തനങ്ങളിൽ അവർക്ക് പരിശീലനമേകുകയും അവരെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.<br>4. ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് പങ്കെടുക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കുക.<br>5. ഭിന്നശേഷിക്കാർക്ക് സഹായകരമായ വിധത്തിൽ ക്ലാസ്സ് മുറി ഒരുക്കുന്നതിന് അവശ്യമായ നടപടി സ്വീകരിക്കുക. | | | |

കലാകായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ആശയാത്മക ചിത്രീകരണം വിദ്യാലയ ചുമരുകളിൽ നടത്തി. | 1. വ്യത്യസ്ത പഠനോപാധികൾ ഉപയോഗിച്ചു (മോഡലുകൾ, ചിത്രങ്ങൾ, കഥകൾ, കളികൾ) പഠനാനുഭവങ്ങൾ കൂടുതൽ നൽകി.<br>2. 1-4 വരെ ക്ലാസ്സുകളിലെ പഠന പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിഗണിച്ച് ചിത്രങ്ങൾ തീർച്ചപ്പെടുത്തുന്നു.<br>3. പഠന സാധ്യതകൾക്ക് മുൻതൂക്കം നൽകി പഠന ചുമരിലെ ചിത്രങ്ങൾക്ക് ഇടം കണ്ടെത്തുന്നു. | | | |
| 2.കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക<br>3. പഠനനിലവാരം ഉയർത്തുക | 1. കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്തുകയും പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി എല്ലാവർഷവും വ്യത്യസ്തമായ കലാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. കലാകായികത്തിന് പ്രസക്തമായ വിഷയങ്ങളെ പ്രമേയമാക്കാറുണ്ട്. | | | |

| | | | | |
|---|---|---|---|---|
| | 2. പാവനാടകം അവതരിപ്പിച്ച് സ്കൂളിന്റെ സമീപപ്രദേശങ്ങളിൽ നിന്നും ഇവർക്കുവേണ്ടി പണം കണ്ടെത്തി.<br>അവധി ദിവസങ്ങളിൽ നടത്തുന്ന ഫീൽഡ് ട്രിപ്പിൽ കുട്ടികളുടെ സർഗ്ഗശേഷിയെ സാമൂഹ്യത്തിന് ബോധ്യപ്പെടുത്തി കൊടുക്കുന്നു. | | | |
| 1. പഠനം സർഗ്ഗാത്മകമാക്കുന്നതിലൂടെ കുട്ടികളുടെ ഭാഷാശേഷികളും പ്രതികരണശേഷിയും ആത്മവിശ്വാസവും സർഗ്ഗാത്മക കഴിവുകളും വികസിപ്പിക്കുക. | ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന സ്കിറ്റുകൾ, ലഘുനാടകങ്ങൾ, കൊറിയോ ഗ്രാഫി എന്നിവയിൽ മികച്ചവ തെരഞ്ഞെടുത്ത് കുട്ടികൾക്ക് പരിശീലനം നൽകി. | | | |